പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം
നം.2795

07.12.2018-ൽ മറുപടിയ്ക്ക്

## ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ കേരളയ്ക്ക് വേണ്ടി തിരുവനന്തപുരത്ത് സ്ഥിരം വേദിയുണ്ടാകുന്നത് സംബന്ധിച്ച് സർക്കാർ എന്തൊക്കെ തീരുമാനങ്ങൾ എടുത്തു; വിശദമാക്കുമോ; | (എ) ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ കേരളയ്ക്ക് വേണ്ടി സ്ഥിരം വേദിയുണ്ടാക്കുന്നതിനായി തിരുവനന്തപുരത്തെ തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ വക സ്ഥലം കണ്ടെത്തുകയും അതനുസരിച്ച് സ്ഥലത്തെക്കുറിച്ചുള്ള സ്റ്റേക്ക് ഹോൾഡിംഗ് കൺസൾട്ടേഷൻ, സർവ്വെ ആന്റ് ഫീൽഡ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കൺസൾട്ടന്റായ മെസ്സേഴ്സ് പ്രൈസ് വാട്ടേഴ്സ് കൂപ്പേഴ്സ് എന്ന സ്ഥാപനം തയ്യാറാക്കുകയും ചെയ്തു. എന്നാൽ നഗരത്തിൽ നിന്നും ഏറെ മാറി തിരുവല്ലത്ത് സ്ഥാപിക്കുന്നതിനെതിരെ സിനിമാ മേഖലയിലുള്ളവരുടെയും മറ്റ് സിനിമാ സ്വാദകരുടെയും അഭിപ്രായങ്ങൾ പരിഗണിച്ച് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, തിരുവനന്തപുരം നഗര ഏരിയത്തിൽ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. അതനുസരിച്ച് സ്ഥലം കണ്ടെത്തുന്നതിനായുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു. |
| (ബി) 2018 ഫിലിം ഫെസ്റ്റിവെലിനു ഇതു വരെ എത്ര പേർ രജിസ്റ്റർ ചെയ്തു; കഴിഞ്ഞ | (ബി) 2018 ലെ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് 30/11/2018 വരെ 6214 പ്രതിനിധികൾ രജിസ്റ്റർ ചെയ്തു. |

| | | | |
|---|---|---|---|
| | വർഷം എത്ര പേരാണ് രജിസ്റ്റർ ചെയ്തത്, പ്രസ്തുത ഫെസ്റ്റിവെലിന്റെ രജിസ്ട്രേഷൻ ഫീസ് കുറയ്ക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | 10595 പ്രതിനിധികളാണ് 2017 ലെ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് രജിസ്റ്റർ ചെയ്തത്. ഫെസ്റ്റിവലിന്റെ ഫീസ് കുറയ്ക്കുന്ന വിഷയം തത്ക്കാലം പരിഗണനയിലില്ല. |
| (സി) | സംസ്ഥാനത്ത് എത്ര ഫിലിം സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര രൂപയുടെ ധനസഹായം നൽകി; വിശദമാക്കാമോ? | (സി) | 168 ഫിലിം സൊസൈറ്റികൾ ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യയുടെ കേരള ഘടകത്തിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്., ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1 കോടി രൂപ ഫിലിം സൊസൈറ്റികൾക്കുള്ള പ്രവർത്തന ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി മുഖാന്തിരം ഫിലിം സൊസൈറ്റികൾക്കായി 11,70,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ